### മാർക്ക് തട്ടിപ്പ്

# യൂണിവേഴ്സിറ്റി റാങ്കുകളുടെ പിന്നിലെ കളികൾ

**കെ.പി. നരേന്ദ്രൻ**

കോഴിക്കോട്: 1997–98–ൽ പട്ടാമ്പി ഗവൺമെന്റ് കോളജിൽ ഇക്കണോമിക്സ് എം.എ പരീക്ഷയെഴുതിയ 9 വിദ്യാർഥികൾക്കായിരുന്നു യൂണിവേഴ്സിറ്റിയിലെ 9 റാങ്കും. ആ വർഷത്തെ എം.എ ഇക്കണോമിക്സ് പ്രീവിയസിന്റെ ചെയർമാൻ ഡോ.ജോൺ മത്തായി സെന്ററിലെ ഡോ. എ.സി. കുട്ടികൃഷ്ണനായിരുന്നു. അദ്ദേഹവും മറ്റധ്യാപകരും കൂടി പാസാക്കിയ റിസൾട്ടിൽ കൃത്രിമം കാണിച്ചാണ് പട്ടാമ്പിയിലെ പ്രഫ. നസീമും യൂണിവേഴ്സിറ്റിയിലെ ആദ്യത്തെ 9 റാങ്കും പട്ടാമ്പി കോളജിനാക്കിയത്. പ്രഫ. നസീമിന്റെ വീട്ടിൽ സ്ഥിരം ട്യൂഷനെത്തുന്നവർക്കായിയിരുന്നു ഈ റാങ്കുകൾ

ഈ രീതിയിൽ പട്ടാമ്പിയിലെ കുട്ടികൾക്ക് ബി.എയ്ക്കും എം.എയ്ക്കും ലഭിക്കുന്ന വളരെ ഉയർന്ന റാങ്കുകളും ഉയർന്ന മാർക്കുകളും തിരിമറിയിലൂടെയാണെന്നു കാണിച്ച് ഒറ്റപ്പാലം എൻ.എസ്.എസ്. കോളജിലേയും പാലക്കാട് വിക്ടോറിയ കോളജിലേയും വിദ്യാർഥികൾ വൈസ് ചാൻസലർക്കു നല്കിയ പാരതിയിൽ കഴമ്പുണ്ടെന്നു തോന്നുന്നുവെന്ന് ചൂണ്ടിക്കാണിച്ച് ഫൈനൽ എം.എ. ബോർഡിലെ 8 അധ്യാപകരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് കേരള ഗവൺമെന്റ് കോഴിക്കോട് ക്രൈംബ്രാഞ്ച് സി.ഐ.ഡിയായ ഡി.വൈ.എസ്.പി ശ്രീ കെ.എ. തോമസിനെ അന്വേഷണത്തിനു നിയമിച്ചത്.

അന്വേഷണത്തിന് ഉത്തരവിടുന്നതിനുവേണ്ടി കേരളത്തിലെ പ്രമുഖ മലയാളദിനപ്പത്രങ്ങൾ വളരെ മുറവിളി കൂട്ടിയിരുന്നു. മാതൃഭൂമി, മനോരമ, ദീപിക തുടങ്ങിയ പത്രങ്ങൾ എഡിറ്റോറിയൽ വരെ എഴുതി. ക്രൈംബ്രാഞ്ച് അന്വേഷിച്ചാൽ കേസ് ഒരു പ്രഹസനമാകുമെന്നും കേസിലെ പ്രതികൾ പലരും ഗവൺമെന്റിൽ സ്വാധീനമുള്ളവരാണെന്നും എന്തിനധികം ഒരു സി.പി.എം. മന്ത്രിയുടെ പെഴ്സണൽ സ്റ്റാഫിലെ അംഗം വരെ ഇതിൽ ഉൾപ്പെട്ടതിനാൽ കേസ് സി.ബി.ഐ.യ്ക്ക് വിടണമെന്നു വരെ പലപത്രങ്ങളും എഴുതി. അന്നത്തെ കോഴിക്കോട് സർവകാലാശാലയിലെ പ്രോ-വൈസ് ചാൻസലറും സി.ബി.ഐ. അന്വേഷണത്തിനാണ് ആവശ്യപ്പെട്ടത്.

പലരും ആശങ്കപ്പെട്ടതുപോലെത്തന്നെ ജൂണിൽ സർവീസിൽനിന്നു റിട്ടയർ ചെയ്ത ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ശ്രി കെ.എ. തോമസ് സമർപ്പിച്ച റിപ്പോർട്ടിൽ കഴിഞ്ഞ 12 വർഷമായി കോളജിൽ പോകാതെ വിദ്യാർഥികളിൽ നിന്നും കനത്ത ഫീസുവാങ്ങി ട്യൂഷനെടുത്ത പട്ടാമ്പി കോളജിലെ പ്രഫ. നസീമിനെതിരേ തെളിവുകളില്ലെന്നും പറഞ്ഞ് തോമസ് കമ്മീഷൻ യൂണിവേഴ്സിറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. ഫലത്തിൽ ഈകേസിലെ മുഖ്യപ്രതികളെന്നു സംശയിക്കുന്ന കോഴിക്കോടു സർവകലാശാല പരീക്ഷാ കൺട്രോളർ ഡോ.എൻ.ശശിധരൻ നായർ, പട്ടാമ്പി കോളജിലെ പ്രഫ. നസീം, മമ്പാട് എം.ഇ.എസ്. കോളജിലെ പ്രഫ. അബ്ദുൾ റഹ്മാൻ മുതലായവർ ഒരു പോറലുമേല്ക്കാതെ രക്ഷപ്പെടുകയും ഒരു വ്യാഴവട്ടക്കാലമായി അവർ നടത്തിക്കൊണ്ടിരിക്കുന്ന പരീക്ഷാത്തട്ടിപ്പ് ഇനിയും നിർബാധം തുടരാൻ അവർക്ക് വീണ്ടും സാഹചര്യം ലഭിച്ചിരിക്കുകയാണ്.

കോഴിക്കോട് സർവകലാശാലയിൽ പരീക്ഷാമാർക്ക് തട്ടിപ്പ് ഒരു പുതിയ സംഭവമല്ലെന്ന് കേരളത്തിലെ കൊച്ചുകുട്ടികൾക്കുപോലും അറിയാവുന്ന ഒരു കാര്യമാണ്. ഇത് ഏറ്റവും കൂടുതൽ നടന്നിരുന്നത് ഇക്കണോമിക്സിൽ ആയിരുന്നു താനും. 1987 മുതൽ ഇക്കണോമിക്സിൽ മാർക്ക് തട്ടിപ്പുനടന്നിരുന്നതായി കാണുവാൻ കഴിയും. 1992ന് ശേഷമാണ് വളരെ വ്യാപകമായ തോതിൽ ഇക്കണോമിക്സിൽ മാർക്ക് തട്ടിപ്പ് അരങ്ങേറിയത്. ഈ മാഫിയയിലെ പ്രധാന പ്രതി പരീക്ഷാകൺട്രോളർ ശശിധരൻനായരാണ്. പെണ്ണും മദ്യവും പണവും അദ്ദേഹത്തിന്റെ ദൗർബല്യങ്ങളാണെന്ന കാര്യം സർവകലാശാലയിൽ അങ്ങാടിപ്പാട്ടാണ്. പട്ടാമ്പിയിലെ നസീറും മമ്പാടിയിലെ പ്രഫ. അബ്ദുൾ റഹമാനുമാണ് കൺട്രോളറുടെ മാംസദാഹത്തിന് ശമനം വരുത്തിയിരുന്നത്. ഇപ്രകാരം കൺട്രോളറുടെ സമ്മാനിച്ചിരുന്നവരിൽ പട്ടാമ്പിയിലേയും മമ്പാടിലേയും വിദ്യാർഥിനികളും ഉൾപ്പെട്ടിരുന്നതായാണ് പൊതുജനം പറയുന്നത്. എന്തിനധികം, വിവാഹിതകളായ സ്ത്രീകൾ പോലും മാർക്കു കൂടുതൽ ലഭിക്കാൻ വിദേശത്തു ജോലി ചെയ്യുന്ന ഭർത്താക്കൻമാരറിയാതെ കൺട്രോളറുടെ കിടപ്പറ പങ്കിട്ടുവെന്ന് പറയപ്പെടുന്നു. ഇതിന്റെയെല്ലാം ഫലമായി 1992–നും 1997–നും ഇടയിൽ മമ്പാട് എം.ഇ.എസ് കോളജിലും പട്ടാമ്പിയിലും ഇക്കണോമിക്സ് ബി.എ., എം.എ., പരീക്ഷാ റിസൾട്ടിൽ വൻകുതിച്ചുകയറ്റമുണ്ടായി ഈ മൂവർസംഘത്തിന് അവർതന്നെ പടച്ചുണ്ടാക്കുന്ന അതാതു കാലത്തെ എം.എ പരീക്ഷാ ബോർഡംഗങ്ങൾ എല്ലാ ഒത്താശകളും ചെയ്തു കൊടുത്തിരുന്നു. ഇവരുടെ ഇംഗിതത്തിനു വഴങ്ങുന്നവരെ മാത്രമെ എം.എ. പരീക്ഷാ പാസ് ബോർഡിൽ എടുത്തിരുന്നുള്ളു. എന്നു വച്ചാൽ സീനിയോറ്റിയോ മറ്റു യോഗ്യതകളോ ആയിരുന്നില്ല പരീക്ഷാ ബോർഡിൽ അംഗമാകുന്നതിനുള്ള യോഗ്യതകളെന്നു സാരം.

ഇങ്ങനെ ഈ മൂവരും അവരുടെ പർശ്വവർത്തികളും ചേർന്ന് പല പാരലൽകോളജുകളിലെ വിദ്യാർഥികളിൽനിന്നും ഭീമമായ തുക വാങ്ങി ബിരുദങ്ങൾ വിറ്റതായി പലർക്കും അറിവ് ലഭിച്ചിട്ടുണ്ട്. ചോദ്യക്കടലാസുകൾ പരീക്ഷയ്ക്ക് മുമ്പ് നൽകിയും മാർക്കുകൾ തിരുത്തിയുമായിരുന്നു ഇവർ അർഹതയില്ലാത്തവർക്ക് വൻമാർക്കുകൾ നല്കിയിരുന്നതെ

ശേഷം 5–ാം പേജിൽ


# മാർക്ക് തട്ടിപ്പ്: എങ്ങുമെത്താത്ത അന്വേഷണം

ഒന്നാം പേജ് തുടർച്ച

ന്നാണ് അറിയുന്നത്.

ഈ വക കാര്യങ്ങളെപ്പറ്റി ഏറ്റവും രസകരമായ വസ്തുതയെന്തെന്നാൽ ഇതന്വേഷിക്കുന്നതിനായി ഗവൺമെന്റ് നിയമിച്ച അന്വേഷണ കമ്മീഷനേക്കാൾ വിവരങ്ങൾ ഇന്നാട്ടിലെ യൂണിവേഴ്സിറ്റി ജീവനക്കാർക്കും യൂണിവേഴ്സിറ്റി-പ്രൈവറ്റ് കോളജ് അധ്യാപകർക്കും ഉണ്ടെന്നതാണ്. 1984 മുതൽ മേൽപ്പറഞ്ഞ അധോലോകസംഘം പരീക്ഷാ കൺട്രോളറുടെ അറിവോടുകൂടി പ്രതിവർഷം പതിനായിരക്കണക്കിന് രൂപ സമ്പാദിച്ചതായി കാണാൻ കഴിയും. പേപ്പറും മറ്റും നോക്കിയതിനെപ്പറ്റിയുള്ള വിലപ്പെട്ട രേഖകൾ യൂണിവേഴ്സിറ്റിയിൽനിന്നും പശുവോ മനുഷ്യനോ തിന്നു നഷ്ടപ്പെട്ടാലും അവർ ചെക്ക് മാറ്റിയെടുക്കുന്ന ബാങ്കിലൂടെ പണത്തിന്റെ കണക്ക് മനസിലാക്കുവാൻ കഴിയും. റിട്ടയർ ചെയ്ത ഡി.വൈ.എസ്.പി ഏമാൻ ഇതിനുപോലുമുള്ള സാമാന്യ ബുദ്ധി കാണിക്കാത്തത് അദ്ദേഹം മണ്ടനായ ഒരു സി.ഐ.ഡി ഉദ്യോഗസ്ഥനായതുകൊണ്ടല്ല. മറിച്ച് അദ്ദേഹത്തെ നിയന്ത്രിച്ചിരുന്ന സി.പി.എമ്മിലെ മന്ത്രിയുടേയും മറ്റും സ്വാധീനം കൊണ്ടാണ്. സി.പി.എം. തന്നെ നീതിയ്ക്കും സത്യത്തിനും വേണ്ടി നിലകൊണ്ടിരുന്ന ശ്രീ. സി.പി. നാരായണനെപ്പോലും കൺട്രോളറും മറ്റും കീശയിലാക്കിയെന്നാണ് പിന്നാമ്പുറ സംസാരം.

ഈ വൃത്തികെട്ട ഏർപ്പാടിൽ ഭരണകക്ഷി അംഗങ്ങൾക്കു പുറമേ കോൺഗ്രസ് പാർട്ടിമെമ്പർമാരായ പ്രഫ. അബ്ദുൾ റഹമാനും പ്രഫ. നസീമിനും ഇപ്പോഴത്തെ കോഴിക്കോട് പ്രോ. വൈസ് ചാൻസലർ പ്രഫ. സലീമും സിൻഡിക്കേറ്റ് മെമ്പർ പി.എൻ. പ്രകാശനും സഹായം ചെയ്തതായി പറയപ്പെടുന്നു. കൺട്രോളറും പ്രോ-വൈസ് ചാൻസലറും പി.എൻ. പ്രകാശനും, റഹ്മാനും നസീമുമെല്ലാം ഒരേ നാട്ടുകാരായത് (കായംകുളത്തിനടുത്തുള്ള നാട്) തികച്ചു യാദൃശ്ചികമായിരിക്കാം. എന്തായാലും ഈ രാജ്യത്തെ ജനങ്ങളുടെ പണം മുടക്കി ഇത്രയും പ്രമാദമായ ഒരു കേസന്വേഷിക്കാൻ നിയുക്തനായ ഡി.വൈ.എസ്.പി തോമസ് ഒരു കാര്യം മാത്രം ചെയ്താൽ മതിയായിരുന്നു. അതായത് എം.എ. പ്രീവിയസ് പരീക്ഷയുടെ മാർക്കിൽ തട്ടിപ്പും തിരിമറിയും നടന്നപ്പോൾ ചെയർമാനായിരുന്ന ഡോ. എ.സി. കുട്ടികൃഷ്ണനെയെങ്കിലും ബന്ധപ്പെടമാണായിരുന്നു. ഒരു പക്ഷേ ഡി.വൈ.എസ്.പിയുടെ മകൻ ഡോ. ജോൺമത്തായി സെന്ററിലെ എം.എ. ഇക്കണോമിക്സ് വിദ്യാർഥിയായതു കാരണമാകും അദ്ദേഹം ആ സാഹസത്തിന് മുതിരാത്തത്. എന്തായാലും റിട്ടയർ ചെയ്ത ആ മാന്യദേഹത്തിന്റെ സേവനം ഇനിയും ഫലപ്രദമായി ഇടതുമുന്നണി സർക്കാർ വിനിയോഗിക്കണമെന്ന് ഇന്നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. ഈ വൃത്തികേടുകൾക്കെതിരേ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ മുന്നോട്ടുവരണമെന്ന് ഇനിയും പ്രതീക്ഷ കൈവിട്ടിട്ടില്ലാത്ത കുറേ ജനങ്ങൾ ആഗ്രഹിക്കുന്നു. കാരണം ജീവിതത്തിന്റെ വിലയേറിയ വർഷങ്ങൾ വിദ്യാഭ്യാസത്തിനു ചെലവഴിച്ചിട്ടും പഠിച്ചിട്ടും ഇതൊന്നും ചെയ്യാതെ മദ്യവും മനുഷ്യസ്ത്രീമാംസവും പണവും നൽകി ഡിഗ്രി വാങ്ങുന്ന കൈകൾ വെട്ടിമാറ്റുവാൻ കേരളീയർ മുന്നോട്ടു വരേണ്ടതല്ലേ? ഇക്കാര്യത്തിൽ കേരളത്തിലെ ഉന്നത നീതിപീഠമെങ്കിലും മൗനം ദീക്ഷിക്കരുതെന്നാണ് ഈ ലേഖകന്റെ വിനീതമായ അപേക്ഷ.




കോഴിക്കോട് സർവകലാശാലയിലെ എം.എ ഇക്കണോമിക്സ് മാർക്ക് തട്ടിപ്പ് അന്വേഷിച്ച ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി.യായിരുന്ന (ഇപ്പോൾ റിട്ടയർ ചെയ്ത) ശ്രീ കെ.എ. തോമസിന്റെ അന്വേഷണത്തെപ്പറ്റി നിരവധി ദുരൂഹതകൾ ഇപ്പോഴും ബാക്കിനില്ക്കുന്നു. പ്രസ്തുത കേസിനെപ്പറ്റി യാതൊരു കാര്യമായ അന്വേഷണവും നടത്തിയില്ലെന്നും കേസുമായി ഏറ്റവും അടുത്തു ബന്ധപ്പെട്ടവരെപ്പോലും അന്വേഷണ ഉദ്യോഗസ്ഥർ സമീപിച്ചില്ലായെന്നുള്ള ആരോപണം പലരും ഉയർത്തുന്നു. അന്വേഷണവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ചോദ്യങ്ങൾ താഴെ ഉന്നയിക്കുന്നു:

1. കേസന്വേഷിച്ച ഉദ്യോഗസ്ഥൻ (ഡി.വൈ.എസ്.പി. ശ്രീ കെ.എ. തോമസ്) എന്തുകൊണ്ടാണ് കോഴിക്കോട് സർവകലാശാലയിൽ എം.എ. ഇക്കണോമിക്സ് ഒന്നാം വർഷപരീക്ഷയിൽ ഒന്നു മുതൽ ഒമ്പതുവരെ റാങ്കുകൾ പട്ടാമ്പി കോളജിലെ വിദ്യാർഥികൾ നേടിയപ്പോൾ ആ ബോർഡിന്റെ ചെയർമാനായിരുന്ന ഡോ. ജോൺ മത്തായി സെന്ററിലെ ഡോ. എ.സി. കുട്ടികൃഷ്ണനെ നേരിൽക്കാണാതിരുന്നതും കത്തയച്ചോ ഫോൺ മുഖാന്തിരമോ പോലും ബന്ധപ്പെടാതിരുന്നതും?

2. കോഴിക്കോട് സർവകലാശാലയിൽ 1992നും 1998നും ഇടയിൽ മമ്പാട് എം.ഇ.എസ് കോളേജിലും പട്ടാമ്പി ഗവൺമെന്റ് കോളജിലും മാത്രം ബി.എ., എം.എ. ഇക്കണോമിക്സ് പരീക്ഷകൾക്ക് മറ്റെല്ലാ കോളജികളിൽനിന്നും തികച്ചും വ്യത്യസ്തമായി വളരെ ഉയർന്ന റിസൽട്ടും ഫസ്റ്റ് ക്ലാസുകളും റാങ്കുകളും എന്തുകൊണ്ട് കൂടിയെന്ന വസ്തുത അന്വേഷണ ഉദ്യോഗസ്ഥർക്ക് പുറത്തുകൊണ്ടുവരാനായില്ല? യൂണിവേഴ്സിറ്റിയിലെ ക്ലാർക്ക് രേഖപ്പെടുത്തിയ ഫയലുകൾ നോക്കിയാൽ മാത്രം കണ്ടുപിടിക്കുന്ന ഒരു കാര്യമായിരുന്നല്ലോ ഇത്?

3. ഒറ്റപ്പാലം എൻ.എസ്.എസ് കോളജിലെയും പാലക്കാട് വിക്ടോറിയ കോളജിലെയും വിദ്യാർഥികൾ കോഴിക്കോട് വൈസ് ചാൻസലർക്ക് നല്കിയ പരാതിയിൽ പ്രഥമദൃഷ്ട്യാ കഴമ്പുണ്ടെന്ന് കാണിച്ച് വൈസ്ചാൻസലർക്കു കത്തയച്ച 8 അധ്യാപകരിൽ ഒരാളെ മാത്രമേ അന്വേഷണ ഉദ്യോഗസ്ഥൻ നേരിൽ കാണുകയുണ്ടായുള്ളു. മറ്റുള്ള അധ്യാപകരെ ഫോണിലോ കത്തുമുഖാന്തിരമോ പോലും ബന്ധപ്പെടാഞ്ഞതെന്ത്?

4. കേസിലെ ഒരു പ്രധാന കണ്ണിയും കേരളത്തിലെ ഇടതുമുന്നണി സർക്കാരിലെ ഒരു സി.പി.എം.മന്ത്രിയുടെ പെഴ്സണൽ സ്റ്റാഫിലെ അംഗവുമായ പട്ടാമ്പി കോളജിലെ ഒരു മുൻവിദ്യാർഥിയുടെ ആകസ്മിക ബൈക്കപകടമരണവും മാർക്കു തട്ടിപ്പും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

5. ഈ കേസന്വേഷിച്ച ഡി.വൈ.എസ്.പിയുടെ മകൻ ഇപ്പോൾ കോഴിക്കോട് സർവകലാശാലയുടെ ഡോ. ജോൺ മത്തായി സെന്ററിൽ രണ്ടാം വർഷ ഇക്കണോമിക്സ് എം.എ. വിദ്യാർഥിയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ആ ഉദ്യോഗസ്ഥനെ ഒരു കാരണവശാലും ഇതുപോലുള്ള കേസന്വേഷിക്കാൻ നിയോഗിക്കരുതായിരുന്നു. ഇക്കാരണം കൊണ്ടു തന്നെ ആ ഉദ്യോഗസ്ഥൻ ഈ ചുമതല ഏറ്റെടുക്കുകയും ചെയ്യരുതായിരുന്നു. പിന്നെന്തുകൊണ്ടിങ്ങനെ?

6. കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പാരലൽ കോളജ് നടത്തുന്ന ഒരു മാഫിയാ ടീമും യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളറുമായുള്ള ബന്ധം ഇപ്പോൾത്തന്നെ അങ്ങാടിപ്പാട്ടാണ്. ഇക്കാര്യം അന്വേഷണ കമ്മീഷൻ എന്തുകൊണ്ട് ശ്രദ്ധിച്ചില്ല?